അടിയന്തിരമായി ഗവൺമെന്റ് സ്വീകരിക്കുന്നത്? അതുപോലെതന്നെ 107 കോടി രൂപ 5 തവണകളായി കൊടുക്കുമെന്നാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞത്. അതിനെ സംബന്ധിച്ച് കാഷ്യൂ കോർപ്പറേഷന്റെ ബാങ്ക് അക്കൗണ്ട് മരവിപ്പിച്ചതായിട്ടുപോലും പത്രവാർത്തകൾ കാണുകയുണ്ടായി. അതിന്റെ നിജസ്ഥിതി എന്താണ്? ഈ 107 കോടി രൂപ 5 തവണകളായി എന്നത്തേയ്ക്ക് കൊടുക്കുമെന്നുള്ളതിന് വ്യക്തമായ മറുപടി പറയണമെന്നാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യവും ഏക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* : ഈ ആഴ്ചതന്നെ കൊടുക്കാം. സാമ്പത്തിക ബുദ്ധിമുട്ടുകൾ വളരെയധികമുണ്ടെങ്കിലും കശുവണ്ടി തൊഴിലാളികളുടെ കാര്യമായതുകൊണ്ട് ഈ ആഴ്ചതന്നെ സെക്കൻഡ് ഇൻസ്റ്റാൾമെന്റായി 33 കോടി രൂപ കൊടുക്കാം.

(2) കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഐ. ഐ. ടി. ആയി ഉയർത്താനുള്ള കേന്ദ്ര വിദഗ്ദ്ധ സമിതിയുടെ ശുപാർശയനുസരിച്ച് സർവ്വകലാശാലയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. മുഹമ്മദാലി : സംസ്ഥാനത്തിന്റെ ദീർഘകാലത്തെ ഒരാവശ്യമായിരുന്നു ഒരു ഐ. ഐ. ടി. അനുവദിക്കുക എന്നുള്ളത്. ഇപ്പോൾ അതിനനുകൂലമായ എല്ലാ സാഹചര്യങ്ങളും ഉണ്ടായിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റി ഇന്ത്യയിലെ 200 സ്ഥാപനങ്ങളിൽ നിന്നും 7 സ്ഥാപനങ്ങളെ ഇന്ന് ഐ. ഐ. ടി. ആയി അപ്ഗ്രേഡ് ചെയ്ത്. ഐഡന്റിഫൈ ചെയ്തിരിക്കുകയാണ്. അതിൽ നമ്മുടെ സംസ്ഥാനത്തെ കൊച്ചിൻ യൂണിവേഴ്സിറ്റി ഉൾപ്പെടുന്നു എന്നുള്ളത് വളരെ സന്തോഷകരമായ കാര്യമാണ്. ഈ 7 സ്ഥാപനങ്ങൾ ഐ. ഐ. ടി. ആക്കി ഉയർത്തുന്നതിനാവശ്യമായ യോഗ്യതയുണ്ടാക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങളുണ്ടായിട്ടുണ്ട്. കഴിഞ്ഞ മേയ് മൂന്നാം തീയതി കൂടിയ കേന്ദ്രഗവൺമെന്റിന്റെ മി. ബാനർജി ചെയർമാനായിട്ടുള്ള കമ്മിറ്റി ബന്ധപ്പെട്ട 7 സ്ഥാപനങ്ങളിലെ അധികൃതരുമായി ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തണമെന്ന് നിർദ്ദേശം നൽകുകയുണ്ടായി. ആ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ ശരിയായ താല്പര്യങ്ങളുണ്ടായെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. കൊച്ചിൻ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശിച്ചതനുസരിച്ച് 500 ഏക്കർ സ്ഥലമെങ്കിലും ലഭ്യമാകണം. ഇപ്പോൾ 200 ഏക്കറിലേറെ സ്ഥലം മാത്രമേ അവിടെയുള്ളൂ. അപ്പോൾ ഇത്ര കാലമായി നാം കാത്തിരുന്ന ഐ. ഐ. ടി. നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുവാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യങ്ങളുണ്ടായപ്പോൾ, കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് മാത്രമേ അതിന് സാധിക്കുകയുള്ളൂ എന്നുള്ള നില വന്നപ്പോൾ, അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് വളരെ വേഗത്തിൽ വന്നാൽ മാത്രമേ ഈ കാര്യത്തിൽ നമുക്കുണ്ടായിരിക്കുന്ന അനുകൂല സാഹചര്യം ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിയുകയുള്ളൂ. ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വന്തം മേൽവിലാസം ഉണ്ടാക്കുവാൻ ഐ. ഐ. ടി. സംസ്ഥാനത്തുണ്ടാകുന്നത് വളരെ അനിവാര്യമാണ്. കൺസൾട്ടൻസിക്കുവേണ്ടി വ്യവസായ സ്ഥാപനങ്ങൾക്ക് ഇന്ന് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നുണ്ട്. അതൊഴിവാക്കാൻ നമ്മുടെ സംസ്ഥാനത്തുതന്നെ വിദഗ്ദ്ധന്മാരെ ലഭ്യമാക്കുന്ന സ്ഥിതി ഐ.ഐ.ടി. ഉണ്ടാകുന്നതോടുകൂടി ഉണ്ടാകുമെന്നുള്ളതുകൊണ്ട് ഐ.ഐ.ടി. യുടെ പ്രാധാന്യം നാം ഉൾക്കൊള്ളണം. തദ്ദേശീയ സാങ്കേതിക വിദ്യ വികസിപ്പിക്കുവാൻ ഐ.ഐ.ടി. സഹായകരമാകും. അന്താരാഷ്ട്ര നിലവാരമുള്ള ഐ.ഐ.ടി. വരുന്നതുകൊണ്ട് നിരവധി വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്നുള്ളത് ഇതിന്റെ ഒരു പ്രത്യേകതയാണ്. ഒരു പ്രദേശത്തിന്റെ വികസനത്തിന് ഫലപ്രദമായി വരുന്ന നഗരാസൂത്രണത്തിനും ഗവേഷണങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള പഠനരീതി അധ്യാപകരും ഗവേഷകരും തദ്ദേശീയമായ വ്യവസായ സ്ഥാപനങ്ങളും ചേർന്ന് സർവ്വേയും ഗവേഷണവും നടത്തുന്ന ഐ.ഐ.ടി. യുടെ സാന്നിദ്ധ്യം സംസ്ഥാനത്തിന്റെ പുരോഗതിക്ക് സഹായകരമാകും. അതുകൊണ്ടുതന്നെ ഇന്ത്യയിലെ 200 സ്ഥാപനങ്ങളിൽ നിന്നും 7 സ്ഥാപനങ്ങളെയാണ് ഐ.ഐ.ടി. ആയി ഉയർത്തുവാൻ ഐഡന്റിഫൈ ചെയ്തിരിക്കുന്നത്. ആ 7 സ്ഥാപനങ്ങളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി വന്നിരിക്കുന്നു. ഇപ്പോൾ തന്നെ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ അടിസ്ഥാന സൗകര്യത്തിന്റെ കാര്യത്തിൽ ഗവൺമെന്റിന്റെ അതിയായ താത്പര്യം ഉണ്ടാകേണ്ടിയിരിക്കുന്നു. അവർ ആവശ്യപ്പെട്ടതുപോലെ ഐ. ഐ. ടി. ആക്കുന്നതിനുള്ള ഗവൺമെന്റിന്റെ അനുമതി ഉടൻ നൽകണം. ആവശ്യമായ നിയമനിർമ്മാണമുണ്ടാകണം. ഇതിനാവശ്യമായ സ്ഥലം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. ഇപ്പോൾ 200 ഏക്കറിലേറെ വരുന്ന സ്ഥലമാണ് കൊച്ചിൻ യൂണിവേഴ്സിറ്റിക്കുള്ളത്. ഈ കാര്യം മനസ്സിലാക്കേണ്ടിയിരിക്കുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കൈവശമുണ്ടായിരുന്ന സ്ഥലം ഹിൽപാലസിനുവേണ്ടി മുമ്പ് വിട്ടുകൊടുത്തതാണ്. മോഡൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കാനും മുമ്പ് കൊടുത്തിട്ടുണ്ട്. അതെല്ലാം കണക്കിലെടുത്തുകൊണ്ട്. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ സമീപത്തുള്ള കിൻഫ്രയുടെ കൈവശമിരിക്കുന്ന ഭൂമി ഈ ഐ. ഐ. ടി. ക്കുവേണ്ടി വിനിയോഗിക്കേണ്ടത് ഈ സംസ്ഥാനത്തിന്റെ ആവശ്യമായി ഗവൺമെന്റ് കാണണം. ഇപ്പോൾ തന്നെ രൂപീകരിക്കുന്ന self financing ആയിട്ടുള്ള ലാ യൂണിവേഴ്സിറ്റിക്കു വേണ്ടി 10 ഏക്കർ സ്ഥലം നൽകിക്കഴിഞ്ഞിരിക്കുന്നു. അതിനേക്കാൾ പ്രാധാന്യമുള്ള കേരളത്തിന്റെ സമഗ്ര പുരോഗതിക്ക് ആവശ്യമായ ഐ. ഐ. ടി. യാഥാർത്ഥ്യ

LIBRARY ARCHIVES Kerala Legislative Assembly

മാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കുവാൻ ഗവൺമെന്റ് ചെയ്യേണ്ട ഭൂമി ലഭ്യമാക്കുക എന്നുള്ള കാര്യത്തിൽ വളരെ വേഗത്തിൽ മുന്നോട്ടു പോകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. അക്കാഡമിക് കാര്യങ്ങളിൽ ആവശ്യമായ കാര്യങ്ങൾ ചെയ്യുവാൻ കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് കഴിയും. അതിന് യൂണിവേഴ്സിറ്റിക്ക് കഴിയുന്നു എന്നുള്ളതുകൊണ്ടാണ് ഈ രംഗത്ത് കൊച്ചിൻ യൂണിവേഴ്സിറ്റിയെ തെരഞ്ഞെടുക്കുവാൻ കാരണമായിട്ടുള്ളത്. അതുകൊണ്ട് 200 സ്ഥാപനങ്ങളിൽ നിന്ന് കേരളത്തിന്റെ ഏക ഐ. ഐ. ടി. ആയി ഉയർത്തുവാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന കൊച്ചിൻ യൂണിവേഴ്സിറ്റിക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തികൊടുക്കണം. അതിനാവശ്യമായ കാര്യങ്ങൾചെയ്യണം, സമയനഷ്ടം വരാതെ ഗവൺമെന്റ് മുന്നോട്ടു വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: കേരളത്തിൽ ഒരു ഐ. ഐ. ടി. സ്ഥാപിക്കുന്നതിന് 2001 മുതൽ സർക്കാർ തീവ്രമായ ശ്രമം നടത്തിവരുന്നുണ്ട്. 2002-ൽ ഇതുസംബന്ധിച്ച് കേന്ദ്ര ആസൂത്രണ ബോർഡ് മെമ്പർ ശ്രീ. വെങ്കിട സുബ്രഹ്മണ്യനുമായി മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ സാധ്യതാ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെന്നൈ ഐ. ഐ. ടി. മുൻ ഡയറക്ടർ ഡോ. പി. വി. ഇന്ദിരേശനെ ഇതിനായി നിയോഗിക്കുകയും ചെയ്തു. 26-6-2002-ൽ മുഖ്യമന്ത്രി ഇതുസംബന്ധിച്ച് കേന്ദ്ര ആസൂത്രണ കമ്മീഷൻ ഡെപ്യൂട്ടി ചെയർമാന് കത്തയച്ചു. ഒരു സാധ്യതാ പത്രം തയ്യാറാക്കി 16-1-2003-ലെ ഉത്തരവനുസരിച്ച് കേന്ദ്ര മാനവവിഭവശേഷി വകുപ്പുമന്ത്രിക്ക് മുഖ്യമന്ത്രി അയച്ചുകൊടുക്കുകയും ചെയ്തു. കേരളത്തിന്റെ ആവശ്യം പുതിയ ഐ. ഐ. ടി. കൾ സ്ഥാപിക്കാൻ തീരുമാനിക്കുമ്പോൾ പരിഗണിക്കുമെന്ന് കേന്ദ്ര മന്ത്രി മുഖ്യമന്ത്രിക്ക് അന്ന് ഉറപ്പു നൽകിയിരുന്നു. അതുസംബന്ധിച്ച് ഒരു തീരുമാനമാകാത്തതിനെത്തുടർന്ന് 11-1-2005-ലും 11-3-2005-ലും വീണ്ടും ഞാൻ മാനവവിഭവശേഷി വകുപ്പുമന്ത്രിക്ക് കത്തുകൾ അയച്ചിരുന്നു. ഇത്തരുണത്തിൽ കേന്ദ്രസർക്കാർ നിയമിച്ച എസ്. കെ. ജോഷി കമ്മിറ്റി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ ഐ. ഐ. ടി. ആയി ഉയർത്തുന്നതിന് പരിഗണനാർഹമായ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി എന്നുള്ള വിവരം അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് ശരിയാണ്; ഇന്ത്യയിൽ പുതുതായി ഐ. ഐ. ടി. ആക്കാനായി പരിഗണിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഈ കൊച്ചിൻ യൂണിവേഴ്സിറ്റി വന്നിട്ടുണ്ട്. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ വിശദമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഒരു കത്ത് ഗവൺമെന്റിന് തന്നിട്ടുണ്ട്. അതിനകത്തെ മുഖ്യമായിട്ടുള്ള ആവശ്യമെന്നു പറയുന്നത് 300 ഏക്കർ സ്ഥലം വേണമെന്നുള്ളതാണ്. അതു കഴിഞ്ഞിട്ടു പറഞ്ഞിരിക്കുന്ന ആവശ്യങ്ങളെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത് തസ്തികയും ധനസഹായവും അനുവദിക്കുന്നതിനെ സംബന്ധിച്ചാണ്. സ്ഥലം അനുവദിക്കുന്ന കാര്യമാണ് ഏറ്റവും ബുദ്ധിമുട്ടായിട്ടുള്ളത്. 300 ഏക്കർ സ്ഥലം അനുവദിക്കണമെന്നു പറയുന്നത്, അവിടത്തെ സാഹചര്യങ്ങൾവച്ച് ബുദ്ധിമുട്ടാണ്. ഏതെങ്കിലും വിധത്തിൽ അതിനു പരിഹാരം കണ്ടെത്താൻ സാധിക്കുമോ എന്നുള്ള കാര്യം പരിശോധിക്കുന്നതാണ്. കിൻഫ്രയുടെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. കിൻഫ്രയുടെ കീഴിലുള്ള ലാന്റ് മുഴുവൻ പല ഇൻവെസ്റ്റുമെന്റുമായി ബന്ധപ്പെട്ട് കമ്മിറ്റഡാണ്. പിന്നെയുള്ളത് എച്ച്. എം. ടി. യുടെ കീഴിലുള്ള ലാന്റാണ്. അതു എത്രമാത്രം പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നുള്ളതിനെ സംബന്ധിച്ച് അറിയില്ല. ഐ. ഐ. ടി. കേരളത്തിൽ വേണമെന്നുള്ളത് നമ്മുടെ വലിയൊരാഗ്രഹമാണ്. അതു സാക്ഷാത്ക്കരിക്കപ്പെടുന്നതിനുവേണ്ടി ഏതു വിധത്തിലും സഹകരിക്കുന്നതിനു ഗവൺമെന്റ് തയ്യാറാണ്. സ്ഥലത്തിന്റെ കാര്യത്തിൽ എല്ലായിടത്തും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പോലെ തന്നെ, കൊച്ചിൻ യൂണിവേഴ്സിറ്റി സ്ഥിതി ചെയ്യുന്ന പ്രദേശത്തിനോട് ചേർന്ന് 300 ഏക്കർ സ്ഥലം കൂടി ഉണ്ടാക്കുക എന്നുള്ളത് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. ആ ബുദ്ധിമുട്ട് എങ്ങനെ തരണം ചെയ്യാൻ സാധിക്കുമെന്നുള്ള കാര്യം പരിശോധനയിലാണ്.

ശ്രീ. കെ. മുഹമ്മദാലി : എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിക്കാൻ വേണ്ടി മേയ് മാസം 3-ാം തീയതി ശ്രീ. സുധീപ് ബാനർജി, അഡീഷണൽ സെക്രട്ടറിയുടെ ചെയർമാൻ ഷിപ്പിൽ കൂടിയ യോഗം അന്നു തെരഞ്ഞെടുക്കപ്പെട്ട ഏഴു സ്ഥാപനങ്ങളുടെ ബന്ധപ്പെട്ടവരുടെ യോഗം ഡൽഹിയിൽ കൂടി. ആ യോഗത്തിന്റെ തീരുമാനമനുസരിച്ചുള്ള കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. (1) Vision Document need to drawn with the specified time frame by each institute in consultation with their BOG or Academic Council of State as may be indicated total perspective plan as to what they want to achieve in the next years. This may be done in the form of a project report. ഇതുൾപ്പെടെയുള്ള ഏഴെട്ടു കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. അതു അടിയന്തിരമായി യാഥാർത്ഥ്യമാക്കണം. സ്ഥലത്തിന്റെ ലഭ്യതയെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് ഭൂമി അഡീഷണലായി നൽകാൻ ഗവൺമെന്റിനു ബാദ്ധ്യതയുണ്ട്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. ഹിൽ പാലസിനുവേണ്ടി കൊച്ചിൻ യൂണിവേഴ്സിറ്റിക്കാവശ്യമായ സ്ഥലം അന്നു പുരാവസ്തു വകുപ്പിനു കൊടുത്തിരുന്നു. അതിനു പകരം കോമ്പൻസേറ്റു ചെയ്തിട്ടില്ല. അതുപോലെ മോഡൽ എൻജിനീയറിംഗ് കോളേജ് തുടങ്ങാൻ വേണ്ടിയും കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ക്യാമ്പസ്സാണ് കൊടുത്തിരിക്കുന്നത്. അതുകൊണ്ടുതന്നെ സ്വാഭാവികമായും ഗവൺമെന്റ് ഏതു മാർഗ്ഗം ഉപയോഗിച്ചും കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് സ്ഥലം ലഭ്യമാക്കുക തന്നെ വേണം.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ഐ. ഐ. ടി. ഉണ്ടാകുക എന്നുള്ള സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി ആകാവുന്ന എല്ലാ നടപടിയും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ശ്രീ. ഉമ്മൻചാണ്ടി : ഗവൺമെന്റിനെക്കൊണ്ട് സാധ്യമായിട്ടുള്ള എല്ലാ നടപടികളും എടുക്കും. ഐ. ഐ. ടി. എന്നുള്ളത് കേരളത്തിന്റെ ഒരാവശ്യമാണ്. അതംഗീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. പക്ഷേ പ്രായോഗികമായി വന്നിരിക്കുന്ന ബുദ്ധിമുട്ട് അവിടത്തെ സ്ഥലത്തിന്റെ ലഭ്യതയാണ്. സാന്ദ്രത്തികവും അതുപോലുള്ള മറ്റുകാര്യങ്ങളും നമുക്ക് മറികടക്കാൻ സാധിക്കുന്നതാണ്. സ്ഥലത്തിന്റെ ലഭ്യത എങ്ങനെ ഉറപ്പുവരുത്താൻ സാധിക്കുമെന്നുള്ളത് പരിശോധിക്കുന്നതാണ്.

III. സബ്മിഷൻ

(1) മിശ്രവിവാഹിതരായ ദമ്പതികളുടെ മക്കളുടെ നിലവിലുള്ള ജാതിവ്യവസ്ഥ മാറ്റിയതുമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* സർ, പിന്നോക്ക പട്ടിക സമുദായക്ഷേമവകുപ്പിൽ നിന്ന് അടുത്ത കാലത്ത് ഇറങ്ങിയ ഒരു ഉത്തരവിന്റെ പ്രത്യാഘാതമായിട്ടാണ് മിശ്ര വിവാഹിതരായിട്ടുള്ള ആളുകളുടെ മക്കളും ഹരിജൻ ഗിരിജൻ ആദിവാസി വിഭാഗത്തിൽപ്പെട്ട തായ്വഴിയുള്ള മാതാവിന്റെ മക്കളും, വളരെയേറെ ബുദ്ധിമുട്ടുകളനുഭവിക്കുന്നത്. ഒരു സ്ത്രീ ദളിത് വിഭാഗത്തിൽപ്പെട്ടതായതുകൊണ്ടു മാത്രം മക്കളിലുള്ള അവളുടെ രക്തബന്ധവും അവകാശവും ചോദ്യം ചെയ്യപ്പെടുകയാണിവിടെ. കുട്ടികളുടെ സ്വഭാവ രൂപീകരണത്തിലും വളർച്ചയിലുമെല്ലാം അമ്മമാർ വഹിക്കുന്ന പങ്ക് ആർക്കാണ് മനസ്സിലാകാത്തത്? പത്തുമാസം ഉള്ളിൽ പേറി നൊന്തു പ്രസവിച്ച അമ്മയാണ് ഞാനെന്ന് ,മക്കളോട് പറയാനുള്ള അവകാശം നിഷേധിക്കപ്പെടുകയല്ലേ പിതൃദായക്രമം ഉറപ്പാക്കുക വഴി ഇവിടെ സംഭവിക്കുന്നത്? ഉയർന്ന ജാതിയിൽപ്പെട്ട അച്ഛന്റെ മക്കളാണെങ്കിൽ അവർക്ക് ഇവിടെ ആനുകൂല്യം നിഷേധിക്കപ്പെടുകയാണ്. ഹരിജൻ സമുദായത്തിൽപ്പെട്ട പിതാവിന്റെ മക്കൾ അല്ലെങ്കിൽ അവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല എന്ന സുപ്രീംകോടതിയുടെ വിധിയെ ആസ്പദമാക്കി നമ്മുടെ വകുപ്പ് പുതിയൊരു ഉത്തരവു കൊണ്ടു വന്നതിന്റെ ഫലമായി കഴിഞ്ഞ ഇരുപത്തിയെട്ടു കൊല്ലക്കാലമായി ഹരിജൻ-ഗിരിജൻ-ആദിവാസി-പട്ടിക സമുദായത്തിൽപ്പെട്ട കുട്ടികൾക്കു ലഭിച്ചുവന്നിരുന്ന, സർക്കാരിന്റേതായ വിദ്യാഭ്യാസാനുകൂല്യങ്ങളുടക്കം, എല്ലാ ആനുകൂല്യങ്ങളും തകിടം മറിഞ്ഞിരിക്കുകയാണ്. ഇതു സംബന്ധിച്ച് പരിശോധിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, ഇങ്ങനെയൊരു കോടതി വിധി ഇവിടെ നടപ്പാക്കാനിടയായത് ഉത്തരേന്ത്യയിലുണ്ടായ ഒരു

LIBRARY ARCHIVES Kerala Legislative Assembly